भारतीय गैर न्यायिक

दस रुपये रु.10

भारत

सत्यमेव जयते

INDIA

TEN RUPEES Rs.10

GOVERNMENT OF KERALA REVALIDATED TO Rs.100 (HUNDRED RUPEES)

SIGNATURE OF THE PROPER OFFICER WITH DATE

INDIA NON JUDICIAL

കേരളം केरल KERALA 30AA 929623

2018 ജൂലൈ മാസം 1-ാം തീയതി കോട്ടയം താലൂക്കിൽ കുമരകം വില്ലേജിൽ സുധീർ ഭവനിൽ കെ.റ്റി സുധീർ വേണ്ടി പിതാവായ കെ.എൻ തങ്കച്ചൻ 1-ാം കക്ഷിയായും കോട്ടയം ജില്ലയിൽ, കോട്ടയം താലൂക്കിൽ പനച്ചിക്കാട് വില്ലേജിൽ ശ്രീശൈലം വീട്ടിൽ കെ.ജി. പി. നായർ മകൻ ശ്രീകുമാർ എം.പി 2-ാം കക്ഷിയായും എഴുതുന്ന വാടക ഉടമ്പടി.

1250 sq ft. ൽ പണിത വാർക്ക വീട്, ഒന്നാം കക്ഷിയുടെ മകന്റെ പേരിൽ കിടക്കുന്നതും കുമരകം വില്ലേജിൽ സർവ്വേ നമ്പർ 59 sub division 5/ block no. 10 ൽ പെട്ട സ്ഥലത്ത് പണിതിട്ടുള്ളതും കുമരകം പഞ്ചായത്തിൽ 2-ാം വാർഡിൽ വീട്ട് നമ്പർ 111 സുധീർ ഭവൻ, ചക്രംപടി, കുമരകം നോർത്ത്.1-ാം കക്ഷിയുടെ മകന്റെ അനുവാദത്തോട് കൂടി രണ്ടാം കക്ഷിക്ക് Srees Tours എന്ന ബിസിനസ്സ് സ്ഥാപനം നടത്തുന്നതിന് വേണ്ടി വാടക വ്യവസ്ഥ പ്രകാരം പ്രതിമാസം 10000/- (പതിനായിരം രൂപായും) വാടക രണ്ടാം കക്ഷിക്ക് കൊടുക്കാമെന്ന് സമ്മതിച്ചതിൻ പ്രകാരം താഴെ പറയുന്ന വ്യവസ്ഥകതൾക്ക് വിധേയമായി രണ്ടാംകക്ഷി ടി വീട് വാടകയ്ക്ക് ഏറ്റെടുത്തിരിക്കുന്നു.

ഒന്നാംകക്ഷി : എ. എൻ തങ്കച്ചൻ

രണ്ടാംകക്ഷി: ശ്രീകുമാർ




കേരളം केरल KERALA 30AA 929624

## വ്യവസ്ഥകൾ

വാടക ഉടമ്പടിയുടെ കാലാവധി ജൂലൈ ഒന്ന് മുതൽ 11 മാസം തികയുന്ന 2019 ജൂൺ 1-ാം തീയതി വരെ മാത്രമായിരിക്കും. പ്രതിമാസ വാടകയായ 10000/- രൂപാ എല്ലാ ഇംഗ്ലീഷ് മാസവും ഒന്നാം തീയതി തോറും കൃത്യമായി ഏൽപിക്കേണ്ടതാണ്. ടി വീട്ടിൽ എന്തെങ്കിലും രൂപഭേതങ്ങളോ വിപുലീകരണം നടത്തുന്നതിനോ ടി വീട് മറ്റൊരാൾക്ക് കൈമാറുന്നതിനോ കീഴ് വാടകയ്ക്ക് കൊടുക്കുന്നതിനോ രണ്ടാം കക്ഷിക്ക് അവകാശമില്ലാത്തതാകുന്നു. ടി വീട്ടിലെ വൈദ്യുതി ചാർജ് രണ്ടാം കക്ഷി തന്നെ അടക്കേണ്ടതാകുന്നു. രണ്ടാം കക്ഷി ടി വീട് ബിസിനസ്സ് ആവശ്യത്തിനും സ്റ്റാഫിന് താമസിക്കേണ്ടതിനും മാത്രം ഉപയോഗിക്കേണ്ടതും ടി വീടിന് യാതൊര് കേടുപാടുകളും നാശനഷ്ടങ്ങളും വരുത്താതെ സൂക്ഷിക്കേണ്ടതാകുന്നു. ഈ വാടക ഉടമ്പടിയുടെ സെക്യുരിറ്റി ആയി 25000/- (ഇരുപത്തയ്യായിരം രൂപാ) 1-ാം കക്ഷിയെ ഏല്പിച്ചിട്ടുള്ളതും രണ്ടാം കക്ഷി വീട് ഒഴിയുമ്പോൾ ടി തുക പലിശ ഇല്ലാതെ രണ്ടാം കക്ഷിക്ക് തിരികെ കൊടുക്കേണ്ടതുമാകുന്നു. ഈ ഉടമ്പടിയുടെ കാലാവധി ആയ 11-ാം മാസം തികയുന്ന 01/06/2019 ൽ രണ്ടാം കക്ഷി വീട് ഒഴിഞ്ഞ് കൊടുക്കേണ്ടതാകുന്നു. രണ്ടാം കക്ഷി വാടക കുടിശ്ശിഖ വരുത്തുകയോ ടി വ്യവസ്ഥകളിൽ ഏതെങ്കിലും ലംഘിക്കുകയോ ചെയ്താൽ നോട്ടീസ് നൽകി അന്നു മുതൽ ഒരു മാസം തികയുമ്പോൾ വീട് ഒഴിഞ്ഞ് നൽകേണ്ടതുമാകുന്നു.

ഒന്നാംകക്ഷി : എ. എൻ തങ്കച്ചൻ

രണ്ടാംകക്ഷി: ശ്രീകുമാർ

STAMP ... KOTTAYAM
JUN 20 18

No. 2805
18-06-2018

ABY MATHEW
KUMARAKOM VENDOR

അത് പോലെ തന്നെ രണ്ടാം കക്ഷിക്കും നോട്ടീസ് നൽകി അന്ന് മുതൽ ഒരു മാസം തികയുമ്പോൾ വീട് ഒഴിഞ്ഞ് പോകാവുന്നതുമാകുന്നു. അത് പോലെ തന്നെ രണ്ടാം കക്ഷിക്കും നോട്ടീസ് നൽകി അന്ന് മുതൽ ഒരു മാസം തികയുമ്പോൾ പലിശ ഇല്ലാതെ സെക്യൂരിറ്റ് deposite തിരികെ നൽകേണ്ടതുമാകുന്നു.

<u>സാക്ഷികൾ</u>

1) റാജു കെ.എസ്സ്

2) അനീഷ് കുമാർ

ഒന്നാംകക്ഷി : കെ.എൻ. തങ്കച്ചൻ

രണ്ടാംകക്ഷി : ശ്രീകുമാർ